# APHSS ALAGAPPANAGAR

അളഗപ്പനഗർ പഞ്ചായത്ത് ഹയർ സെക്കണ്ടറി സ്കൂളിൽ ലഹരി വിരുദ്ധപ്രവർത്തനങ്ങൾ 2022 ഒക്ടോബർ ആറാം തിയതി തന്നെ ആരംഭിച്ചു .അന്നേ ദിവസം ബഹുമാനപ്പെട്ട മുഖ്യ മന്ത്രി ശ്രീ പിണറായി വിജയൻ ,വിദ്യാഭ്യാസ മന്ത്രി ശ്രീ വി ശിവൻകുട്ടി എന്നിവരുടെ പ്രസംഗത്തിന് ശേഷം എല്ലാ അധ്യാപകരും അവരുടെ ക്ലാസ്സിൽ ക്ലാസ്സിൽ ബോധവല്ക്കരണ ക്ലാസ് സംഘടിപ്പിച്ചു .കുട്ടികളെ ബോധവത്കരിച്ചു.പി റ്റി എ പ്രസിഡന്റ് SOJAN JOSEPH ഈ പരിപാടി ഉദ്ഘാടനം ചെയ്തു .പി റ്റി എ അംഗങ്ങൾ സന്നിഹിതരായിരുന്നു .





2022 ഒക്ടോബർ ഏഴാം തിയതി രക്ഷിതാക്കൾ ക്ക്  ലഹരി വിരുദ്ധ ബോധവൽക്കരണക്ലാസ് സംഘടിപ്പിച്ചു .അളഗപ്പനഗർ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ  പ്രിൻ സൻ    തയ്യാലക്കൽ ഈ ക്ലാസ്സ് ഉദ് ഘാടനം നടത്തി .എല്ലാ പഞ്ചായത്ത് അംഗങ്ങളും .പി റ്റി എ  അംഗങ്ങളും സന്നിഹിതരായിരുന്നു .








**2022 ഒക്ടോബർ പത്താം തിയതി ലഹരി ,മാനസിക അവസ്ഥയെഎങ്ങനെ ബാധിക്കുന്നു എന്ന വിഷയത്തിൽ പുതുക്കാട് പ്രജ്യോതി കോളേജ് വിദ്യാർത്ഥികൾ കുട്ടികൾക്ക് ക്ലാസ് എടുത്തു.**



**2022 ഒക്ടോബർ  പതിനൊന്നാം തിയതി ലഹരി വിമുക്ത കേരളം എന്നവിഷയത്തിൽ ചിത്ര രചനാമത്സരവും സംഘടിപ്പിച്ചു**



**2022 ഒക്ടോബർ  പത്തൊൻപതാം തിയതി  ലഹരിവിരുദ്ധ ബോധവൽ ക്കരണവുമായി  ബന്ധപെട്ടു പുതുക്കാട് പോലീസ് സ്റ്റേഷൻറെ  യോദ്ധാവ് പരിപാടിയുമായി  സഹകരിച്ചു ആമ്പല്ലൂർ മുതൽ പുതുക്കാട് വരെ കൂട്ടയോ ട്ടം നടത്തി .അളഗപ്പനഗർ പഞ്ചായത്ത് ഹയർ സെക്കണ്ടറി  സ്കൂളും നന്ദിക്കര  ഗവണ്മെന്റ് സ്കൂളും ഇതിൽ പങ്കെടുത്തു .പുതുക്കാട് ടൗണിൽ വച്ച് നടന്ന പൊതു സമ്മേളനം പുതുക്കാട് എം എൽ എ ശ്രീ കെ കെ രാമചന്ദ്രൻ ഉദ്ഘാടനം ചെയ്തു .അന്നേ ദിവസം ലഹരി വിരുദ്ധ പ്രതിജ്ഞയും എടുത്തു .പുതുക്കാട് s H o ശ്രീ സുനിൽ ദാസ് സർ പരിപാടികൾക്ക് നേതൃ ത്വം കൊടുത്തു.**

# ലഹരി ഉപയോഗത്തിനെതിരെ യോദ്ധാക്കൾ

# കൂട്ടയോട്ടം

**2022 ഒക്ടോബർ 19-ാം തിയ്യതി ബുധനാഴ്ച വൈകീട്ട് 4 മണിക്ക്**
**ആമ്പല്ലൂർ ജംഗ്ഷനിൽ നിന്ന് പുതുക്കാട് ജംഗ്ഷനിലേക്ക്**

പ്രിയരെ,

ജനങ്ങൾക്കിടയിൽ വർദ്ധിച്ച് വരുന്ന മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിനുള്ള ബോധവൽക്കരണത്തിന്റെ ഭാഗമായി **പുതുക്കാട് പോലീസ്, ജിവിഎച്ച്എസ് നന്തിക്കര, എപിഎച്ച്എസ് അളഗപ്പ സ്കൂളിലെ സ്റ്റുഡൻസ് പോലീസിന്റെയും ആഭിമുഖ്യത്തിൽ 2022 ഒക്ടോബർ 19-ാം തിയ്യതി ബുധനാഴ്ച വൈകീട്ട് 4 മണിക്ക് ആമ്പല്ലൂർ ജംഗ്ഷനിൽ നിന്ന് പുതുക്കാട് ജംഗ്ഷനിലേക്ക്** കൂട്ടയോട്ടം സംഘടിപ്പിക്കുന്നു. ആമ്പല്ലൂരിൽ നിന്ന് ആരംഭിക്കുന്ന കൂട്ടയോട്ടം ബഹു. തൃശൂർ റൂറൽ ജില്ലാ പോലീസ് മേധാവി **ശ്രീമതി. ഐശ്വര്യ ഡോംഗ്റെ IPS** ഫ്ളാഗ് ഓഫ് ചെയ്യുന്നതും തുടർന്ന് പുതുക്കാട് നടക്കുന്ന സ്വീകരണയോഗം ബഹു. പുതുക്കാട് എം.എൽ.എ. **ശ്രീ. കെ. കെ. രാമചന്ദ്രൻ** ഉദ്ഘാടനം നിർവ്വഹിക്കുന്നു. പുതുക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് **ശ്രീ. കെ. എം. ബാബുരാജിന്റെ** അദ്ധ്യക്ഷതയിൽ നടക്കുന്ന യോഗത്തിൽ ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, മറ്റ് സന്നദ്ധ സംഘടനകളും പങ്കെടുക്കുന്നു. പ്രജ്യോതി **നികേതൻ കോളേജിലെ വിദ്യാർത്ഥികളുടെ ഫ്ളാഷ് മോബ് അവതരണവും** ഉണ്ടായിരിക്കുന്നതാണ്. ലഹരി ഉപയോഗത്തിനെതിരെ യോദ്ധാവ് ആകുന്നതിനും സജീവമായി പങ്കെടുക്കുന്നതിനും ഏവരേയും സഹർഷം സ്വാഗതം ചെയ്യുന്നു.

എന്ന്, **സുനിൽ ദാസ് യു. എച്ച്.**
(ISHO പുതുക്കാട് പോലീസ് സ്റ്റേഷൻ)

## കാര്യപരിപാടികൾ

| | |
|---|---|
| സ്വാഗതം | **ശ്രീ. സുനിൽ ദാസ് യു. എച്ച്.** (ISHO പുതുക്കാട് പോലീസ് സ്റ്റേഷൻ) |
| ഫ്ളാഗ്ഓഫ് | **ശ്രീമതി. ഐശ്വര്യ ഡോംഗ്റെ IPS** (ബഹു. റൂറൽ ജില്ലാ പോലീസ് മേധാവി) |
| അദ്ധ്യക്ഷൻ | **ശ്രീ. കെ. എം. ബാബുരാജ്** (പുതുക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്) |
| ഉദ്ഘാടനം | **ശ്രീ. കെ. കെ. രാമചന്ദ്രൻ** (ബഹു. പുതുക്കാട് എം.എൽ.എ.) |
| ലഹരി വിരുദ്ധ പ്രതിജ്ഞ | **ശ്രീ. സി. ആർ. സന്തോഷ്** (ഡിവൈഎസ്പി ചാലക്കുടി) |
| ആശംസകൾ | **ശ്രീ. സെബി കൊടിയൻ** (വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, പുതുക്കാട് ഗ്രാമപഞ്ചായത്ത്)<br>**ഫാ. ഹർഷജൻ പഴയാറ്റിൽ** (മാനേജർ, പ്രജ്യോതി നികേതൻ കോളേജ്, പുതുക്കാട്)<br>**ശ്രീ. ഗിൽസ് പല്ലൻ** (പ്രിൻസിപ്പാൾ, എച്ച്എസ്എസ്.പുതുക്കാട്)<br>**ശ്രീമതി. സിനി കുര്യാക്കോസ്** (HM, APHS അളഗപ്പനഗർ) |
| നന്ദി | **ശ്രീമതി. ഷാലി സി. എം.** (HM, GVHS നന്തിക്കര) |


ലഹരി ഉപയോഗത്തിനെതിരെ യോദ്ധാക്കൾ
കൂട്ടയോട്ടം
2022 ഒക്ടോബർ 19
ബുധനാഴ്ച 4 PM
ആമ്പല്ലൂർ ജംഗ്ഷനിൽ നിന്ന്
പുതുക്കാട് ജംഗ്ഷനിലേക്ക്
യോദ്ധാവ്


PHOTOSTAT